# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.11.2025**

### പ്രധാനവാർത്തകൾ

1. കാർഷിക മേഖലയിൽ രാജ്യം 357 ദശലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം എന്ന പുതു ചരിത്രം സൃഷ്ടിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രകൃതി കൃഷി മേഖലയിലേക്ക് കൂടുതൽ യുവാക്കൾ കടന്നുവരുന്നതായും മൻ കി ബാത്തിൽ പരാമർശം.

2. യുവാക്കളുടെ സമർപ്പണമാണ് വികസിത ഭാരതത്തിന്റെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി. കായിക രംഗത്തെ നേട്ടങ്ങൾ പ്രചോദനകരമെന്നും പ്രധാനമന്ത്രി.

3. നാവികസേന സ്വയംപര്യാപ്തതയിലേക്ക് അതിവേഗം നീങ്ങുന്നത് അഭിമാനകരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജി-20 ഉച്ചകോടിയിൽ ലോക നേതാക്കൾക്ക് സമ്മാനിച്ച കരകൗശല ഉത്പന്നങ്ങളിൽ കേരളത്തിന്റെ മാന്നാർ ഉരുളിയെ കുറിച്ചും പരമാർശം.

4. കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള സമയ പരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

5. ദിത്വാ ചുഴലിക്കാറ്റിന്റെ വേഗത കുറഞ്ഞതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ്നാട്ടിൽ മഴ മുന്നറിയിപ്പ്.

****************************

RNUTVPM

## മൻ കി ബാത്ത് - കാർഷികം (ഇൻട്രോ)

കാർഷിക മേഖലയിൽ രാജ്യം 357 ദശലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം എന്ന പുതു ചരിത്രം സൃഷ്ടിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 128-ാാം പതിപ്പിൽ ആകാശവാണിയിലൂടെ ജനങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതി കൃഷി മേഖലയിലേക്ക് കൂടുതൽ യുവാക്കൾ കടന്നുവരുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

**(പി എം - വോയിസ്)**

******************************

## മൻ കി ബാത്ത് - കായികം

യുവാക്കളുടെ സമർപ്പണമാണ് വികസിത ഭാരതത്തിന്റെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ കായികരംഗത്തെ നിരവധി നേട്ടങ്ങളെ കുറിച്ചും അദ്ദേഹം മൻ കി ബാത്തിൽ പരാമർശിച്ചു. വനിതാ ബ്ലൈൻഡ് ക്രിക്കറ്റ് ലോകകപ്പ് നേടിയ ഇന്ത്യൻ ടീമുമായി സംവദിച്ചതിന്റെ അനുഭവങ്ങളും അദ്ദേഹം പങ്കുവെച്ചു. കായിക ചരിത്രത്തിലെ ഏറ്റവും വലിയ വിജയങ്ങളിൽ ഒന്നായ ഈ നേട്ടം നാം ഓരോരുത്തർക്കും പ്രചോദനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

******************************

## മൻ കി ബാത്ത് - INS മാഹി (ഇൻട്രോ)

നാവികസേന സ്വാശ്രയത്വത്തിലേക്ക് അതിവേഗം നീങ്ങുന്നത് ഏറെ അഭിമാനകരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സമ്പന്നമായ ചരിത്ര പൈതൃകമുള്ള, മാഹി എന്ന സ്ഥലത്തിന്റെ പേരാണ് INS മാഹിക്ക് നൽകിയിരിക്കുന്നത്. ഈ

യുദ്ധക്കപ്പലിൻറെ ചിഹ്നത്തിന് കളരിപ്പയറ്റിൽ ഉപയോഗിക്കുന്ന ഉറുമിയോട് സാമ്യമുണ്ടെന്ന് കേരളത്തിലും തമിഴ്നാട്ടിലുമുള്ളവർ ശ്രദ്ധയിൽപ്പെടുത്തിയതായി ശ്രീ നരേന്ദ്ര മോദി പറഞ്ഞു.

(പി എം - വോയിസ്)

നാവികസേനയുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ മനസിലാക്കാൻ താൽപര്യമുള്ളവർ ഫോർട്ട് കൊച്ചിയിലെ ഐ.എൻ.എസ്. ദ്രോണാചാര്യയിലുള്ള നേവൽ മാരിടൈം മ്യൂസിയം പോലുള്ളവയും സ്മാരകങ്ങളും സന്ദർശിക്കണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

****************************

<u>മൻ കി ബാത്ത് - പി എം മാന്നാർ (ഇൻട്രോ)</u>

ജി-20 ഉച്ചകോടിയിൽ നിരവധി ലോക നേതാക്കൾക്ക് നൽകിയ സമ്മാനങ്ങളിൽ 'Vocal for Local' എന്ന ആശയം പ്രതിഫലിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. കേരളത്തിലെ മാന്നാറിൽ നിന്നുള്ള അതിമനോഹരമായ പിച്ചള ഉരുളി ഓസ്ട്രേലിയൻ പ്രധാനമന്ത്രിക്ക് സമ്മാനിച്ചതിനെ കുറിച്ചും മൻ കി ബാത്തിൽ ശ്രീ നരേന്ദ്ര മോദി പറഞ്ഞു.

( പി എം - വോയിസ്)

മൻ കി ബാത്തിൽ മാന്നാർ ഉരുളിയെ കുറിച്ച് പരാമർശിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് മാന്നാറിലെ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് അനിൽ എസ് അമ്പിളി ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

****************************

RNU TVPM

## മൻ കി ബാത്ത് - കാശി തമിഴ് സംഗമം - (ഇൻട്രോ)

കുരുക്ഷേത്രയിലെ ബ്രഹ്മ സരോവറിൽ നടന്ന അന്താരാഷ്ട്ര ഗീത മഹോത്സവത്തിൽ ലോകമെമ്പാടുമുള്ളവർ ഗീതയാൽ പ്രചോദിതരാകുന്നതിൽ ഏറെ സന്തോഷമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. മറ്റെന്നാൾ ആരംഭിക്കുന്ന കാശി - തമിഴ് സംഗമം പുതിയ കാര്യങ്ങൾ പഠിക്കാനുള്ള പ്രധാന വേദിയായി മാറും. എല്ലാവരും കാശി-തമിഴ് സംഗമത്തിന്റെ ഭാഗമാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(പി എം - വോയിസ്)

*****************************

## മൻ കി ബാത്ത് - ഉപസംഹാരം

രാജ്യത്തെ ശീതകാല ടൂറിസത്തിന്റെ വർദ്ധിച്ചു വരുന്ന സാധ്യതകളെ കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. പല രാജ്യങ്ങളുടേയും സമ്പദ്‌വ്യവസ്ഥയുടെ നെടുംതൂണായി ശീതകാല ടൂറിസം മാറിയിരിക്കുകയാണ്. ഏതാനും ആഴ്ചകൾക്കുള്ളിൽ ഉത്തരാഖണ്ഡിലും വിന്റർ ഗെയിംസ് സംഘടിപ്പിക്കാൻ പോകുന്നതായി അദ്ദേഹം അറിയിച്ചു. ശീതകാലത്ത് ഏറെ ശ്രദ്ധ നൽകണം എന്ന് ഓർമിപ്പിച്ചു കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിന്റെ 128-ാം പതിപ്പ് ഉപസംഹരിച്ചത്.

RNU TVPM

*****************************

## സർവകക്ഷി യോഗം

പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ ചേർന്നു. പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം

ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും സർക്കാർ സഹകരണം തേടും. നാളെ മുതൽ ഡിസംബർ 19 വരെയാണ് പാർലമെൻറിൻറെ ശീതകാല സമ്മേളനം.

***************************

## എസ് ഐ ആർ സമയം നീട്ടി

കേരളം, തമിഴ്നാട്, ലക്ഷദ്വീപ് ഉൾപ്പടെയുള്ള 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ സമയ പരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. അടുത്തമാസം 11 വരെ എന്യൂമറേഷൻ ഫോമുകൾ തിരികെ നൽകാം. ഡിസംബർ 16 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. 2026 ഫെബ്രുവരി 14 ന് അന്തിമ വോട്ടർ പട്ടിക പുറത്തിറക്കും.

***************************

## തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണം

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. സമ്മതിദായകരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. തിരുവനന്തപുരം നഗരസഭയിലേക്കുള്ള പ്രകടനപത്രിക എൻ.ഡി.എ പുറത്തിറക്കി. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. 13 -നാണ് വോട്ടെണ്ണൽ. ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്.

***************************

RNU TVPM

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

(ബ്രേക്ക്)

***************************

ദിത്വാ ചുഴലിക്കാറ്റ്

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ദിത്വാ ചുഴലിക്കാറ്റിന്റെ വേഗത കുറഞ്ഞതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത 24 മണിക്കൂറിൽ വടക്കൻ തമിഴ്നാട്- പുതുച്ചേരി തീരങ്ങൾക്ക് സമാന്തരമായി വടക്കോട്ട് നീങ്ങുമെന്നാണ് മുന്നറിയിപ്പ്. ചെന്നൈ, ചെങ്കൽപേട്ട്, കാഞ്ചീപുരം തുടങ്ങിയ ഇടങ്ങളിൽ മഴ മുന്നറിയിപ്പുണ്ട്. തുടർച്ചയായ മഴയും വെള്ളക്കെട്ടും തുടരുന്നതോടെ ആരോഗ്യ വകുപ്പ് ചെന്നൈയിൽ ജാഗ്രതാ നിർദേശം നൽകി.

RNU TVPM

***************************

മുഖ്യമന്ത്രിയുടെ കത്ത്

ദിത്വ ചുഴലിക്കാറ്റിനെ തുടർന്ന് ശ്രീലങ്കൻ വിമാനത്താവളത്തിൽ കുടുങ്ങിയ മലയാളികളെ തിരികെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യമന്ത്രി എസ് ജയശങ്കറിന് കത്തയച്ചു. കുടുങ്ങിയവർക്ക് ആവശ്യമായ ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി കത്തിൽ അഭ്യർത്ഥിച്ചു.

***************************

കൊയിലാണ്ടി എം എൽ എ ജമീല അന്തരിച്ചു

അന്തരിച്ച കൊയിലാണ്ടി എം എൽ എ കാനത്തിൽ ജമീലയുടെ സംസ്കാരം മറ്റെന്നാൾ നടക്കും. അർബുദ ബാധിതയായി

ഏറെനാളായി ചികിൽസയിലായിരുന്ന കാനത്തിൽ ജമീല ഇന്നലെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലായിരുന്നു മരിച്ചത്. ജമീലയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ ഷംസീർ, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉൾപ്പെടെയുള്ളവർ അനുശോചിച്ചു.

***************************

## കേരളം ചാമ്പ്യന്മാർ

ദേശീയ സ്കൂൾ ഗെയിംസിന്റെ സീനിയർ വിഭാഗം അത്ലറ്റിക്സിൽ കേരളം ഓവറോൾ ചാമ്പ്യന്മാർ. 67 പോയിന്റ് നേടിയാണ് സംസ്ഥാനത്തിന്റെ മുന്നേറ്റം. ആൺകുട്ടികളുടെ 110 മീറ്റർ ഹർഡിൽസിലെ മിന്നും പ്രകടനത്തിലൂടെ കേരളത്തിന്റെ ഫസലുൾ ഹഖ് സി.കെ ഗെയിംസിലെ മികച്ച താരമായി.

***************************

## ഗുരുവായൂർ ഏകാദശി (ഇൻട്രോ)

ഗുരുവായൂർ ഏകാദശി നാളെ ദേവസ്വംവക ഉദയാസ്തമയ പൂജയോടെ സമുചിതമായി ആഘോഷിക്കാനുള്ള ഒരുക്കം പൂർത്തിയായതായി ദേവസ്വം ചെയർമാൻ ഡോ. വി.കെ.വിജയൻ, അഡ്മിനിസ്ട്രേറ്റർ ഒ.ബി.അരുൺകുമാർ എന്നിവർ അറിയിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്......**

(വോയ്സ്)

***************************

PNU TVPM

## <u>വ്യാജ അക്കൗണ്ട്-കളക്ടർ</u>

വയനാട് ജില്ലാ കളക്ടറുടെ ചിത്രം പ്രൊഫൈലാക്കിയ വാട്ട്സ്അപ്പ് അക്കൗണ്ട് ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നതായി റിപ്പോർട്ട്. നിരവധി പേർക്കാണ് ഇത്തരത്തിൽ പണം ആവശ്യപ്പെട്ട് സന്ദേശങ്ങൾ ലഭിച്ചത്. പണം നൽകി ആരും വഞ്ചിതരാകരുതെന്ന് ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ അറിയിച്ചു.

****************************

## <u>ശബരിമല ദർശനം</u>

ശബരിമല മണ്ഡലകാലം രണ്ടാഴ്ച്ച പൂർത്തിയാകുമ്പോൾ ദർശനം നടത്തിയ ഭക്തരുടെ എണ്ണം 12 ലക്ഷത്തോട് അടുക്കുന്നു. ഇന്നലെ താരതമ്യേനെ തിരക്ക് കുറവായിരുന്നതിനാൽ ഭക്തർക്ക് സുഗമമായ ദർശനം ലഭിച്ചു.

************************************************************************************

RNU TVPM